വി. കെ കൃഷ്ണ മേനോൻ ഇൻഡോർ സ്റ്റേഡിയത്തിൽ നടന്ന സംസ്ഥാന കേഡറ്റ് ഫെൻസിങ് ചാമ്പ്യൻഷിപ്പിൽ ആൺകുട്ടികളുടെ വിഭാഗത്തിൽ ജേതാക്കളായ മലപ്പുറം ടീമിന് നോർത്ത് സോൺ ഐ. ജി കെ. സേതുരാമൻ ട്രോഫി സമ്മാനിക്കുന്നു.

ഫെൻസിംഗിൽ മലപ്പുറവും കണ്ണൂരും ജേതാക്കൾ

കോഴിക്കോട്:സംസ്ഥാന കേഡറ്റ് ഫെൻസിങ് ചാമ്പ്യൻഷിപ്പിൽ ആൺകുട്ടികളുടെ വിഭാഗത്തിൽ മലപ്പുറവും പെൺകുട്ടികളുടെ വിഭാഗത്തിൽ കണ്ണൂരും ജേതാക്കളായി. ആൺകുട്ടികളിൽ തിരുവനന്തപുരവും പെൺകുട്ടികളിൽ തൃശൂരും രണ്ടാം സ്ഥാനം നേടി. ആൺകുട്ടികളുടെ വിഭാഗത്തിൽ വയനാടും പെൺകുട്ടികളുടെ വിഭാഗത്തിൽ തിരുവനന്തപുരവും മൂന്നാം സ്ഥാനം കരസ്ഥമാക്കി.സമാപന ചടങ്ങിൽ നോർത്ത് സോൺ ഐ.ജി കെ.സേതുരാമൻ ജേതാക്കൾക്ക് ട്രോഫി സമ്മാനിച്ചു. ഒ. രാജഗോപാൽ അധ്യക്ഷത വഹിച്ചു. ടി. പി ദാസൻ ഒ. കെ വിനീഷ്, പി. മുജീബ് റഹ്മാൻ, ടി. എം അബ്ദുറഹിമാൻ, പി. ടി ആസാദ്, അഷ്റഫ്കുരുവട്ടൂർ, കെ. പി യു അലി, ആർ. ജയന്ത് കുമാർ, ഏ. കെ മുഹമ്മദ് അഷ്റഫ്, പി. എൻ വലീദ്, കെ. രാംദാസ്, പി. ഷഫീഖ്, സി. ടി ഇൽയാസ്, ഏ. എം നൂറുദ്ധീൻ മുഹമ്മദ്, പി. ടി അബ്ദുൽ അസീസ്, വി. കെ സാബിറ, പി. പി ബഷീർ, സി. കെ ഗുലാബ് ഖാൻ എന്നിവർ ആശംസകൾ നേർന്നു. ഓർഗനൈസിങ് കമ്മിറ്റി ചെയർമാൻ കെ. മുസ്തഫ സ്വാഗതവും സെക്രട്ടറി സി. റമീസ് അലി നന്ദിയും പറഞ്ഞു.

ദേശീയ വനിതാ ഫുട്ബോളിൽ കേരളത്തിന് വേണ്ടി അലീന ടോണി ഹെഡ്ഡറിലൂടെ ഗോൾ നേടുന്നു

ദേശീയ വനിതാ ഫുട്ബോൾ കേരളം പുറത്ത്

പാലക്കാട്: ദേശീയ വനിതാ ഫുട്ബോൾ ചാമ്പ്യൻഷിപ്പിൽ കേരളം പുറത്ത്. വടക്കഞ്ചേരി പന്നിയങ്കര ടി.എം.കെ അരീന സ്റ്റേഡിയത്തിൽ നടന്ന ഗ്രൂപ്പ് എ മത്സരങ്ങളിൽ കേരളം പുറത്തായി. അവസാന മത്സരത്തിൽ ഗോവയെ ഏകപക്ഷീയമായ രണ്ട്ഗോളുകൾക്ക് തോൽപിച്ചെങ്കിലും ഗോൾ ശരാശരിയുടെ അടിസ്ഥാനത്തിൽ തമിഴ്നാട് ക്വാർട്ടർ ഫൈനലിൽ കടന്നു. രണ്ട് കളികൾ വീതം വിജയിച്ച കേരളം, തമിഴ്നാട്, ഗോവ ടീമുകൾക്ക് ആറ് പോയിന്റുകൾ വീതമായി.മൂന്നു ടീമുകളും, അടിച്ചതും വഴങ്ങിയതുമായ ഗോളുകളുടെ ശരാശരിയുടെ അടിസ്ഥാനത്തിൽ തമിഴ്നാട് ക്വാർട്ടർ ഫൈനലിലേക്ക് കടക്കുകയായിരുന്നു. ഗോവയ്ക്കെതിരെയുള്ള മത്സരത്തിൽ 53 മിനിറ്റിൽ കേരളത്തിന് ലഭിച്ച പെനാൽറ്റി കിക്ക് കെ.മാനസ ഗോളാക്കി മാറ്റി. കളി തീരാൻ ഒരുമിനിറ്റ് ശേഷിക്കേ 94മിനിറ്റിൽ അലീന ടോണി കേരളത്തിന് വേണ്ടി ഗോൾ നേടി. മറ്റൊരു പെനാൽറ്റി കൂടി കേരളത്തിന് ലഭിച്ചെങ്കിലും ഗോളാക്കാൻ കഴിഞ്ഞില്ല. ബുധനാഴ്ച രാവിലെ നടന്ന മറ്റൊരു മത്സരത്തിൽ തമിഴ്നാട് ഏകപക്ഷീയമായ ഒരു ഗോളിന് ഹിമാചൽപ്രദേശിനെ തോൽപിച്ചു.

ലഹരിക്കെതിരെ പ്രതിഷേധ മത്സരം

കണ്ണൂർ: ലഹരിക്കെതിരെ പ്രതിഷേധ മത്സരം നടത്തുന്നു. സോളിഡ് സിറ്റി സംഘടിപ്പിക്കുന്ന ഖുർആൻ ക്വിസ് മത്സര സമ്മാന ദാനത്തോടനുബന്ധിച്ചാണ് മത്സരം. ലഹരിക്കെതിരെ പ്രതികരിക്കുന്ന 30 സെക്കന്റ് വീഡിയോ 16ന് മുമ്പ് അയക്കണം.

തിരഞ്ഞെടുക്കപ്പെടുന്ന വീഡിയോക്ക് ഒന്നാം സമ്മാനമായി സ്വർണ നാണയവും രണ്ടും മൂന്നും സ്ഥാനക്കാർക്ക് 2000, 1000 രൂപയുടെ വിവിധ ഗിഫ്റ്റ് വൗച്ചറുകളും നൽകും. സമ്മാനദാനം 20ന് വൈകുന്നേരം സിറ്റി ജമാഅത്ത് ഹാളിൽ മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി നിർവഹിക്കും. വാട്സ്ആപ്പ്: 9895099101.

സിനിമാ മേഖലക്കായി നിയമ നിർമാണം നടത്തുമെന്ന് മന്ത്രി

തിരുവനന്തപുരം: സംസ്ഥാനത്തെ സിനിമാ മേഖലയിലെ പ്രശ്നങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് ഉടൻ നിയമ നിർമാണം നടത്തുമെന്ന് മന്ത്രി സജി ചെറിയാൻ. ഇതിനായി നിയമോപദേശം തേടിയിട്ടുണ്ട്. നിയമോപദേശത്തിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികളിലേക്ക് കടക്കുമെന്നും നിയമസഭയിൽ ചോദ്യോത്തരവേളയിൽ അദ്ദേഹം പറഞ്ഞു.

സമഗ്ര സിനിമാ നയത്തിനായി രൂപവത്കരിച്ച സമിതിയുടെ പ്രാഥമിക റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ഹേമകമ്മിറ്റി റിപ്പോർട്ടിൽ സർക്കാർ കാലതാമസം വരുത്തിയിട്ടില്ലെന്നും മന്ത്രി അവകാശപ്പെട്ടു. ജസ്റ്റിസ് ഹേമ നൽകിയ കത്തിന്റെയും വിവരാവകാശ കമ്മീഷണറുടെയും നിർദേശത്തിന്റെ അടിസ്ഥാനത്തിലാണ് റിപ്പോർട്ട് പുറത്തുവിടാതിരുന്നത്. പിന്നീട് വിവരാവകാശ കമ്മീഷൻ നിർദേശിച്ചതിനെ തുടർന്നാണ് റിപ്പോർട്ട് പുറത്തുവിട്ടത്. വ്യക്തികളുടെ സ്വകാര്യതയെ ബാധിക്കുന്ന വിവരങ്ങൾ ഒഴികെയുള്ളവ പുറത്തുവിടാനാണ് മുഖ്യ വിവരാവകാശ കമ്മീഷണർ നിർദേശിച്ചത്. സർക്കാർ ഒരു വിവരവും മറച്ചുവെച്ചിട്ടില്ല. 24 കാര്യങ്ങളാണ് റിപ്പോർട്ട് ശിപാർശ ചെയ്തിരിക്കുന്നത്. മുഴുവൻ കാര്യങ്ങളിലും സർക്കാർ തീരുമാനമെടുത്തിട്ടുണ്ട്. ആർക്കും പരാതി നൽകാമെന്നും സർക്കാർ നടപടി സ്വീകരിക്കുമെന്നും മന്ത്രി പറഞ്ഞു.

യുഡി വൈ എഫ് നേതാക്കളെ അന്യായമായി അറസ്റ്റ് ചെയ്ത് ജയിലിൽ അടച്ചതിൽ പ്രതിഷേധിച്ച് കോഴിക്കോട്കമ്മീഷണർ ഓഫിസ് റോഡ് ഉപരോധം ടി പി അഷറഫലി ഉദ്ഘാടനം ചെയ്യുന്നു

മുസ്‌ലിം വിരുദ്ധ പ്രസ്താവന

യൂത്ത്‌ലീഗ് പരാതിയിൽ ജലീലിനെതിരെ അന്വേഷണം

മലപ്പുറം: കെ.ടി ജലീൽ എം.എൽ.എയുടെ മുസ്‌ലിം വിരുദ്ധ പരാമർശത്തിൽ അന്വേഷണത്തിന് ഉത്തരവിട്ട് മലപ്പുറം ജില്ലാ പൊലീസ് മേധാവി. മുസ്‌ലിം യൂത്ത്‌ലീഗ് നേതാവ് യു.എ റസാഖ് നൽകിയ പരാതിയിലാണ് എസ്.പി ആർ. വിശ്വനാഥ് അന്വേഷണത്തിന് ഉത്തരവിട്ടത്. മലപ്പുറം ഡി.വൈ.എസ്.പി ടി.എസ് സിനോജിനാണ് അന്വേഷണ ചുമതല. ഒരു സമുദായത്തെയും നാടിനെയും മുഴുവൻ സംശയത്തിന്റെ നിഴലിൽ നിർത്തി പ്രസ്താവന ഇറക്കിയ കെ.ടി ജലീൽ എം.എൽ.എക്കെതിരെ കേസെടുക്കണമെന്നാവശ്യപ്പെട്ട് മുസ്‌ലിം യൂത്ത്‌ലീഗ് തിരൂരങ്ങാടി മണ്ഡലം കമ്മിറ്റി പ്രസിഡന്റ് യു.എ റസാഖ് കഴിഞ്ഞ ദിവസമാണ് ജില്ലാ പൊലീസ് മേധാവിക്ക് പരാതി നൽകിയത്. അതിൽ അന്വേഷിച്ച് നടപടി സ്വീകരിക്കാനാണ് ഡി.വൈ.എസ്.പി ടി.എസ്. സിനോജിനെ ചുമതലപ്പെടുത്തിയിരിക്കുന്നത്.

സ്വർണ കള്ളക്കടത്തിലും ഹവാല പണമിടപാടിലും പിടിയിലാകുന്നവരിൽ 99 ശതമാനവും മുസ്‌ലിങ്ങളാണെന്നും മത പണ്ഡിതൻ ഹജ്ജ് കഴിഞ്ഞു മടങ്ങുമ്പോൾ സ്വർണം കടത്തി പിടിക്കപ്പെട്ടുവെന്നും മലപ്പുറം അതിന്റെ നാടാണെന്നുമെല്ലാമുള്ള പ്രസ്താവനക്കെതിരെയായിരുന്നു റസാഖിന്റെ പരാതി. ഒരു നാടിനെയും സമുദായത്തെയും അപകീർത്തിപ്പെടുത്തുന്നതാണ് ജലീലിന്റെ പ്രസ്താവനയെന്നും മത സ്പർദ്ദയുണ്ടാക്കി മലപ്പുറത്തെ കലാപ സംഘർഷ ഭൂമിയാക്കുക, ജില്ലയിലെ ജനങ്ങളെ ഒന്നടങ്കം അപമാനിക്കുക, ഒരു സമുദായത്തെ സംശയത്തിന്റെ നിഴലിൽ നിർത്തുക, വ്യാജ പ്രചാരണം നടത്തുക എന്ന ലക്ഷ്യത്തോടെ ജലീൽ നടത്തിയ പ്രസ്താവനെക്കെതിരെ കലാപാഹ്വാനത്തിനും വ്യാജ പ്രചാരണത്തിനും കേസെടുക്കണമെന്നാണ് പരാതിയിൽ ആവശ്യപ്പെട്ടിരുന്നത്.

മുതിർന്നവരെ ഡിജിറ്റൽ ലോകത്തേക്ക് നയിക്കാൻ മൈജിയുടെ സ്മാർട്ട് സ്റ്റാർട്ട്

കോഴിക്കോട് : ഡിജിറ്റർ സാക്ഷരത വളർത്താനും ഇന്റർനെറ്റിന്റെ സുരക്ഷിതമായ ഉപയോഗത്തെ കുറിച്ച് അവബോധം സൃഷ്ടിക്കാനും ലക്ഷ്യംവെച്ചുകൊണ്ടുള്ള മൈജിയുടെ CSR ഇനിഷ്യേറ്റിവായ സ്മാർട്ട് സ്റ്റാർട്ട് ഒക്ടോബർ 15 ചൊവ്വാഴ്ച്ച നടക്കും. അനുദിനം വളർന്നുകൊണ്ടിരിക്കുന്ന ഡിജിറ്റൽ ലോകത്ത് പലകാരണങ്ങളാൽ ഒറ്റപ്പെട്ടുപോയ മുതിർന്ന പൗരന്മാർക്ക് പിന്തുണയേകുക എന്നതാണ് സ്മാർട്ട് സ്റ്റാർട്ടിലൂടെ ലക്ഷ്യംവെക്കുന്നതെന്ന് മൈജിയുടെ ചെയർമാനും മാനേജിങ് ഡയറക്ടറുമായ എ. കെ. ഷാജി അറിയിച്ചു. പ്രധാനമായും 50 വയസ്സിന് മുകളിലുള്ളവർക്കായി നടത്തുന്ന ഈ ഏകദിന വർക്ക്ഷോപ്പ് നടനും എഴുത്തുകാരനും റേഡിയോ ജോക്കിയുമായ ജോസഫ് അന്നംകുട്ടി ജോസ് ഉദ്ഘാടനം ചെയ്യും. മൈജി ഇൻസ്റ്റിട്യൂട്ട് ഓഫ് ടെക്നോളജിയിലെ അദ്ധ്യാപകർ, സൈബർ സെക്യൂരിറ്റി വിദഗ്ധർ, ബാങ്കിങ് മേഖലയിലെ ഡിജിറ്റൽ ഫിനാൻഷ്യൽ എക്സ്പെർട്ട്സ് എന്നിവർ പങ്കെടുക്കും. സ്മാർട്ട് ഫോണിന്റെ ഉപയോഗം, ഇന്റർനെറ്റ് ഉപയോഗം, വ്യത്യസ്ത ആപ്പുകളുടെ പ്രവർത്തനങ്ങൾ, ഡിജിറ്റൽ പേയ്മെന്റ്, ഓൺലൈൻ സേഫ്റ്റി, സോഷ്യൽ മീഡിയ, ഗാഡ്ജെറ്റ്സിന്റെ സെക്യൂരിറ്റി തുടങ്ങിയവയെ കുറിച്ച് ആഴത്തിൽ പഠിക്കുകയും, സംശയങ്ങൾ പരിഹരിക്കുകയും ചെയ്യാം. കോഴിക്കോട് വുഡീസ് ഹോട്ടലിൽ നടക്കുന്ന പ്രോഗ്രാമിൽ ആദ്യം രജിസ്റ്റർ ചെയ്യുന്ന 60 പേർക്ക് പങ്കെടുക്കാം. രാവിലെ 9 മുതൽ വൈകിട്ട് 6 വരെയുള്ള വർക്ക്ഷോപ്പ് തികച്ചും സൗജന്യമാണ്. കൂടുതൽ വിവരങ്ങൾക്കും 9249 001 001 എന്ന നമ്പറിൽ ബന്ധപ്പെടുക.

എസൻസ് ഗ്ലോബൽ ലിറ്റ്മസ് സ്വതന്ത്രചിന്താ സമ്മേളനം

കോഴിക്കോട്: ശാസ്ത്ര-സ്വതന്ത്രചിന്താ സംഘടനായ എസ്സെൻസ് ഗ്ലോബൽ സംഘടിപ്പിക്കുന്ന സ്വതന്ത്ര ചിന്താ സമ്മേളനമായ ലിറ്റ്മസ് 24 12ന് സ്വപ്ന നഗരിയിലെ കാലിക്കറ്റ് ട്രെയ്ഡ് സെന്ററിൽ നടക്കും. രാവിലെ 9 മണി മുതൽ തുടങ്ങുന്ന സമ്മേളനത്തിൽ വിവിധ വിഷയങ്ങളിൽ പ്രസന്റേഷനുകളും പാനൽ ചർച്ചകളും സംവാദവും നടക്കും.

'യുക്തിസഹമേത്? സ്വതന്ത്രചിന്തയോ ഇസ്ലാമോ?' എന്ന വിഷയത്തിൽ പ്രമുഖ സ്വതന്ത്ര ചിന്തകൻ സി. രവിചന്ദ്രനും പ്രമുഖ ഇസ്‌ലാമിക പണ്ഡിതനായ ശുഹൈബുൽ ഹൈതമിയും പങ്കെടുക്കും. സുശീൽ കുമാറാണ് മോഡറേറ്റർ. ഹിന്ദുത്വ ഫാഷിസമോ? എന്ന വിഷയത്തിൽ ബിജെപി ഇന്റലക്ചൽ വിങ് സംസ്ഥാന അധ്യക്ഷൻ ശങ്കു.ടി.ദാസ്, സ്വതന്ത്ര ചിന്തകൻ ഹാരിസ് അരബി എന്നിവർ സംവദിക്കും. സുരേഷ് ചെറൂളിയാണ് മോഡറേറ്റർ. 'മതേതരത്വം ഇന്ത്യയിൽ തകർച്ചയിലേക്കോ?' എന്ന വിഷയത്തിൽ നടക്കുന്ന പാനൽ ചർച്ചയിൽഇടതു ചിന്തകൻ ഡോ. ആസാദ്, ഇസ്ലാമിക പണ്ഡിതൻ നാസർ ഫൈസി കൂടത്തായി ബിജെപി സംസ്ഥാന കമ്മിറ്റി അംഗം സന്ദീപ് വാര്യർ, സ്വതന്ത്രചിന്തകൻ ആരിഫ് ഹുസൈൻ തെരുവത്ത് എന്നിവർ പങ്കെടുക്കും. മനുജ മൈത്രി മോഡറേറ്റർ. 'സാമ്പത്തിക വളർച്ച: ഇന്ത്യയും കേരളവും' എന്ന വിഷയത്തിൽ സാമ്പത്തിക വിദഗ്ദനും മാധ്യമ പ്രവർത്തകനുമായ കെ.ജെ. ജേക്കബ്, സാമ്പത്തിക വിദഗ്ധൻ ഡോ. മിഥുൻ വി.പിയും സംവദിക്കും.

പ്രവീൺ രവി മോഡറേറ്ററാകും. മതവിശ്വാസികൾക്ക് നേരിട്ട് സംവദിക്കാൻ അവസരമൊരുക്കുന്ന 'ഒറിജിൻ' എന്ന പരിപാടിയിൽസ്വതന്ത്രചിന്തകരായ പൗലോസ് തോമസ്, നിഷാദ് കൈപ്പള്ളി എന്നിവർ സംബന്ധിക്കും. രാകേഷ് വിയാണ് മോഡറേറ്റർ. ജെയിംസ് കുരീക്കാട്ടിൽ (പെട്ടി നിറക്കണ പുണ്യാളാ), കാനാ സുരേശൻ (ഫുൾ എ പ്ലസ്), ഡോ. ആർ. രാഗേഷ് (നുണപരിശോധന), എന്നിവർ പ്രസന്റേഷനുകൾ അവതരിപ്പിക്കും. 'മതനിന്ദ മഹത്ചിന്ത' എന്ന ചർച്ചയിൽ യാസിൻ ഒമർ, അഭിലാഷ് കൃഷ്ണൻ, പ്രിൻസ് പ്രസന്നൻ, ടോമി സെബാസ്റ്റിയൻ എന്നിവർ പങ്കെടുക്കും. ഹരീഷ് തങ്കം മോഡറേറ്റർ. പരിണാമത്തെ കുറിച്ച് സംവദിക്കുന്ന 'ജീൻ ഓൺ (GeneOn)' എന്ന ചർച്ചയിൽ ചന്ദ്രശേഖർ രമേശ്, ദിലീപ് മാമ്പള്ളിൽ, ഡോ. പ്രവീൺ ഗോപിനാഥ് എന്നിവർ പങ്കെടുക്കും. മോഡറേറ്റർ ആനന്ദ് ടി. ആർ.

'ഓപ്പൺ ക്ലിനിക്' എന്ന ആരോഗ്യ ചർച്ചയിൽ ഡോ. നന്ദകുമാർ, ഡോ. ഹരീഷ് കൃഷ്ണൻ, ഡോ. ഇജാസുദ്ദീൻ എന്നിവർ പങ്കെടുക്കും. അഞ്ജലി ആരവ് മോഡറേറ്ററാകും. വിവിധ മേഖലകളിൽ പ്രവർത്തിച്ചവർക്കായി എസൻസ് ഗ്ലോബൽ പ്രഖ്യാപിച്ച അവാർഡുകളും ചടങ്ങിൽ സമ്മാനിക്കും. ഡിജെ പാർട്ടിയോടെ സമ്മേളനം വൈകിട്ട് ഏഴു മണിക്ക് സമാപിക്കും.സന്തോഷ് മാത്യു,പ്രവീൺ. വി. കുമാർ,പ്രമോദ് എഴുമറ്റൂർ, ജിടി ചോലമറ്റം എന്നിവർ വാർത്താ സമ്മേളനത്തിൽ പങ്കെടുത്തു.

WHERE TO STAY
Lunch and dine
HOTELS AND RESTAURANTS
Calicut

K Y RESIDENCY
K.Y. Complex,
Opp. Moffusial Bus Stand,
Rajaji Road, CALICUT - 4
Ph: 2723056, 2725123,
9847296930, 8330060002
♦ A/c, Non A/c, Double Rooms & Single Rooms

ചന്ദ്രിക

Disclaimer: ഈ പത്രത്തിൽ പ്രസിദ്ധീകരിച്ച ഏതെങ്കിലും പരസ്യങ്ങളോടു പ്രതികരിക്കും മുമ്പ് അതിന്റെ സത്യാവസ്ഥയെ കുറിച്ച് പരിശോധിക്കുകയും ആവശ്യമായ അന്വേഷണങ്ങൾ നടത്തി സ്വയം തൃപ്തരാകുകയും വേണമെന്ന് വായനക്കാരോട് അഭ്യർത്ഥിക്കുന്നു. ഈ പത്രത്തിന്റെ ഉടമസ്ഥരായ ദി മുസ്‌ലിം പ്രിന്റിങ് ആന്റ് പബ്ലിഷിങ് കമ്പനി ലിമിറ്റഡ് ഏതെങ്കിലും പരസ്യത്തിന്റെയോ പരസ്യക്കാരന്റെയോ ഏതെങ്കിലും പരസ്യക്കാരന്റെ ഉൽപന്നങ്ങളുടെയോ/സേവനത്തിന്റെയോ ആധികാരികതയെ സംബന്ധിച്ച് ഉറപ്പു നൽകുന്നില്ല. ഈ ദിനപത്രത്തിലെ പരസ്യങ്ങളുമായി ബന്ധപ്പെട്ട് ഏതെങ്കിലും വിധത്തിലുള്ള അവകാശവാദങ്ങൾക്കോ നഷ്ടങ്ങൾക്കോ ഒരു കാരണത്താലും ഈ ദിനപത്രത്തിന്റെ/കമ്പനിയുടെ ഉടമസ്ഥർ, പ്രസാധകർ, പ്രിന്റർ, പത്രാധിപർ, ഡയറക്ടർമാർ, തൊഴിലാളികൾ ഉത്തരവാദികളോ/ബാധ്യസ്ഥരോ ആയിരിക്കുന്നതല്ല.

കേരള സംസ്ഥാന ഭാഗ്യക്കുറി ONAM BUMPER BR-99 DRAW RESULT 09/10/2024

ഒന്നാം സമ്മാനം ₹25കോടി TG 434222 (വയനാട്)

സമാശ്വാസ സമ്മാനം ₹5ലക്ഷം
TA 434222 TB 434222
TC 434222 TD 434222
TE 434222 TH 434222
TJ 434222 TK 434222 TL 434222

കേരള ഭാഗ്യക്കുറി

രണ്ടാം സമ്മാനം ₹1കോടി
TA 507676 (പാലക്കാട്) TD 281025 (ചിറ്റൂർ) TE 349095 (അടൂർ) TH 111240 (പയ്യന്നൂർ) TH 612456 (കൊല്ലം) TJ 201260 (മലപ്പുറം) TJ 676984 (നെയ്യാറ്റിൻകര)
TB 220261 (തിരുവനന്തപുരം) TD 519261 (തൃശൂർ) TE 488812 (പത്തനംതിട്ട) TH 346533 (കരുനാഗപ്പള്ളി) TH 714520 (പുനലൂർ) TJ 317658 (ഇരിങ്ങാലക്കുട) TK 124175 (നെയ്യാറ്റിൻകര)
TB 749816 (തിരുവനന്തപുരം) TE 340072 (പട്ടാമ്പി) TE 815670 (തൃശൂർ) TH 378331 (പാലക്കാട്) TJ 123040 (പുനലൂർ) TJ 432135 (തിരുവനന്തപുരം)

മൂന്നാം സമ്മാനം ₹50ലക്ഷം
TC 147286 (കൊല്ലം) TD 796695 (മലപ്പുറം) TG 206219 (തൃശൂർ) TH 564251 (തിരുവനന്തപുരം) TK 123877 (പുനലൂർ)
TA 109437 (വൈക്കം) TB 449084 (ഗുരുവായൂർ) TC 556414 (പട്ടാമ്പി) TE 208023 (പാലക്കാട്) TG 301775 (എറണാകുളം) TJ 397265 (കോഴിക്കോട്) TK 323126 (പട്ടാമ്പി)
TA 632476 (മലപ്പുറം) TB 465842 (ചേർത്തല) TD 197941 (കാസർക്കോട്) TE 327725 (പുനലൂർ) TH 446870 (ഇടുക്കി) TJ 607008 (എറണാകുളം) TL 194832 (ആലപ്പുഴ)

നാലാം സമ്മാനം ₹5ലക്ഷം
TA 340359 (പട്ടാമ്പി) TB 157682 (എറണാകുളം) TC 358278 (ആലപ്പുഴ) TD 168214 (തിരുവനന്തപുരം) TL 237482 (ആലപ്പുഴ)
TE 344769 (മൂവാറ്റുപുഴ) TG 789870 (തൃശൂർ) TH 305765 (കണ്ണൂർ) TJ 755588 (പാലക്കാട്) TK 379020 (തൃശൂർ) TL 322274 (പട്ടാമ്പി)

അഞ്ചാം സമ്മാനം ₹2 ലക്ഷം
TA 776439 (വടകര) TB 146716 (കോട്ടയം) TC 138022 (ഇടുക്കി) TD 626998 (കോട്ടയം)
TE 329881 (നെയ്യാറ്റിൻകര) TG 196466 (കാസർക്കോഡ്) TH 146868 (കോട്ടയം) TJ 304820 (എറണാകുളം) TK 802075 (എറണാകുളം) TL 279622 (ചിറ്റൂർ)

ആറാം സമ്മാനം ₹5000
0012 0070 0089 0128
0234 0422 0596 0792
1515 1647 1716 1756
1785 2068 2181 2345
2392 2864 3012 3065
3459 3638 3729 3908 4306
4318 4525 4840 4873 4933
5204 5546 5865 5993 6137
6267 6290 6291 6470 6582
6852 6907 7062 7076
7142 7264 7271 7328
7348 7370 7513 7598
7638 8003 8498 8535
8814 9155 9520 9819

ഏഴാം സമ്മാനം ₹2000
0187 0319 0410 0473
0496 0928 1004 1095
1126 1129 1191 1382
1461 1514 1592 1791
2022 2069 2108 2229
2397 2463 2673 2871
3179 3391 3432 3986
4207 4257 4383 4467
4479 4483 4622 4848 4925
4935 4964 5424 5473 5547
5614 5616 5663 5727 5736
5776 5786 5798 5875 5890
5973 6218 6438 6609 6698
6766 6867 6929 7081 7132
7269 7390 7419 7473
7568 7918 7922 8039
8138 8371 8398 8592
8630 8666 8675 8725
8761 8820 8890 8930
8940 8950 8951 8971
9299 9490 9748 9867

എട്ടാം സമ്മാനം ₹1000
0010 0018 0071 0088
0093 0105 0185 0197
0277 0349 0371 0409
0564 0972 1098 1149
1200 1219 1267 1346
1347 1412 1416 1547
1614 1671 1680 1721
1983 2015 2032 2110
2124 2241 2606 2614
2667 2933 3063 3251
3279 3323 3434 3462
3463 3562 3572 3655 3779
3845 3858 3903 3914 3916
4216 4312 4346 4372 4429
4451 4465 4518 4630 4788
4911 5000 5067 5071 5085
5202 5268 5380 5406 5468
5493 5529 5557 5832 5858
6072 6154 6229 6249 6299
6317 6445 6564 6664 6735
6799 6863 6878 6901 6939
6972 7047 7070 7072 7086
7116 7164 7411 7486 7698
7747 7868 7910 7965 8025
8031 8191 8228 8449 8760
8781 8791 8899 8984 9125
9160 9206 9245 9264 9275
9442 9516 9523 9538 9557
9564 9604 9606 9677 9782
9876 9878 9893 9986

ഒൻപതാം സമ്മാനം ₹500
0014 0029 0066 0267
0287 0292 0304 0312
0339 0418 0468 0475
0515 0523 0543 0578
0601 0627 0729 0731
0740 0823 0855 0856
0863 0887 1001 1049
1052 1078 1092 1114
1162 1253 1255 1264
1275 1305 1372 1393
1414 1444 1450 1565
1644 1669 1735 1803
1848 1870 1886 1893
1912 1935 1975 1998
2111 2196 2219 2316
2414 2469 2510 2594
2612 2642 2664 2739
2780 2833 2861 2922
2953 2992 3071 3094
3140 3145 3190 3202
3219 3227 3228 3308
3347 3351 3379 3442
3770 3786 3788 3802
3885 3919 3927 3932
3961 4017 4021 4047 4076
4092 4115 4125 4140 4161
4170 4183 4213 4228 4241
4244 4272 4299 4373 4387
4410 4460 4480 4504 0014
0029 0066 0267 0287 0292
0304 0312 0339 0418 0468
0475 0515 0523 0543 0578
0601 0627 0729 0731 0740
0823 0855 0856 0863 0887
1001 1049 1052 1078 1092
1114 1162 1253 1255 1264
1275 1305 1372 1393 1414
1444 1450 1565 1644 1669
1735 1803 1848 1870 1886
1893 1912 1935 1975 1998
2111 2196 2219 2316 2414
2469 2510 2594 2612 2642
2664 2739 2780 2833 2861
2922 2953 2992 3071 3094
3140 3145 3190 3202 3219
3227 3228 3308 3347 3351
3379 3442 3770 3786 3788
3802 3885 3919 3927
3932 3961 4017 4021
4047 4076 4092 4115
4125 4140 4161 4170
4183 4213 4228 4241
4244 4272 4299 4373
8158 8161 8199 8216
8227 8252 8276 8292
8295 8308 8345 8377
8427 8458 8492 8518
8541 8578 8628 8703
8709 8766 8787 8800
8852 8871 8884 8908
8926 8929 8931 8933
8996 9002 9020 9067
9122 9137 9184 9195
9215 9216 9235 9296
9355 9373 9408 9421
9453 9460 9467 9501
9528 9580 9588 9615
9632 9639 9663 9666
9686 9694 9741 9795
9834 9835 9840 9843
9853 9879 9891 9908
9928 9930 9944 9990

രാജ്കപൂർ, ജോ. ഡയറക്ടർ

നറുക്കെടുപ്പ് ഫലം വിശദമായറിയാൻ www.statelottery.kerala.gov.in

നിക്ഷാനിൽ 'ദിൽവാലെ ദിവാലി സെയിൽ' സ്കോഡ കുഷാക്ക് ബമ്പർ സമ്മാനം

കണ്ണൂർ: ഗൃഹോപകരണങ്ങൾക്കും ഗാഡ്ജറ്റുകൾക്കും 75 ശതമാനം വരെ വിലക്കുറവും ഗംഭീര സമ്മാനങ്ങളുമായി നിക്ഷാനിൽ 'ദിൽവാലെ ദിവാലി സെയിൽ' ആരംഭിച്ചു. ഒരു സ്കോഡ കുഷാക്കാണ് ബമ്പർ സമ്മാനം. രണ്ടു BMW G310 RR സ്പോർട്സ് ബൈക്ക്, 6 ഏഥർ റിസ്റ്റാ സ്കൂട്ടറുകൾ തുടങ്ങിയ കിടിലൻ സമ്മാനങ്ങളുമുണ്ട്.

ഇഷ്ടപ്പെട്ട ഗൃഹോപകരണങ്ങൾ ഇപ്പോൾ 'എന്തും എന്തിനോടും എക്സ്ചേഞ്ച് ഓഫർ'ലൂടെ സ്വന്തമാക്കുവാനുള്ള സൗകര്യവും നിക്ഷാനിലുണ്ട്. ഒപ്പം, സീറോ ഡൗൺപേയ്മെന്റ്, സീറോ ഇന്ററെസ്റ്റ്, സീറോ പ്രോസസിങ് ഫീ എന്നിവയുമുണ്ട്. ബജാജ് ഫിൻസേർവ്, എച്ച്ഡിബി ഫിനാൻഷ്യൽ സർവീസസ്, എച്ച്ഡിഎഫ്സി ബാങ്ക്, ഐഡിഎഫ്സി ഫസ്റ്റ് ബാങ്ക് തുടങ്ങിയ സ്ഥാപനങ്ങളുടെ ക്യാഷ്ബാക്ക് ഓഫറുകൾക്കൊപ്പം 17000 രൂപ വരെയുള്ള 'ഇൻസ്റ്റന്റ് ക്യാഷ്ബാക്ക് വൗച്ചറും' ലഭ്യമാണ്. ലാപ്ടോപ്, സ്മാർട്ട് ഫോൺ തുടങ്ങിയ ഡിജിറ്റൽ പ്രോഡക്റ്റുകൾക്കും മികച്ച ഓഫറുകളാണ് നിക്ഷാനിൽ. മോഡുലാർ കിച്ചൻ, ഹോം ഓട്ടോമേഷൻ ഉത്പന്നങ്ങൾ, ഹുഡ് ആൻഡ് ഹോബ്, ഡിസൈനർ ഫാൻസ്, ലൈറ്റിങ്, ഹോം ജിം, ഫോസേറ്റ്, മാട്രസ്സുകൾ തുടങ്ങിയവയും സ്പെഷ്യൽ ഓഫറുകളോടെ ലഭ്യമാണ്. കേരളത്തിലെവിടെയും സൗജന്യ ഹോം ഡെലിവറി സൗകര്യവും വൈവിധ്യമാർന്ന ഉത്പന്നങ്ങൾക്കായുള്ള കേരളത്തിലെ 'വൺസ്റ്റോപ്പ് ഷോപ്പ് സൊല്യൂഷനാ'യ നിക്ഷാൻ നൽകുന്നു. ഓഫറുകളെക്കുറിച്ചു കൂടുതലറിയുവാനായി 7902818181 എന്ന നമ്പറിൽ വിളിക്കാം.

മലബാർ ഗ്രൂപ്പിന്റെ 'ഹംഗർ ഫ്രീ വേൾഡ്'പദ്ധതിയുടെ ഭാഗമായി മുംബൈ കാന്തിവലിയിലെ ശതാബ്ദി ഹോസ്പിറ്റലിലെ രോഗികൾക്കും കൂട്ടിരിപ്പുകാർക്കുമുള്ള ഭക്ഷണ വിതരണത്തിന്റെ ഉദ്ഘാടനം കേന്ദ്രമന്ത്രി പിയൂഷ് ഗോയൽ നിർവ്വഹിക്കുന്നു. യോഗേഷ് സാഗർ എം എൽ എ, മലബാർ ഗോൾഡ് ആന്റ് ഡയമണ്ട്സ് വെസ്റ്റ് സോൺ റീജ്യണൽ ഹെഡ് ഫൻസീം അഹമ്മദ് എന്നിവർ സമീപം. ദിവസേന 500 ഭക്ഷണപ്പൊതികളാണ് ശതാബ്ദി ഹോസ്പിറ്റലിൽ വിതരണം ചെയ്യുക. ഹംഗർ ഫ്രീ വേൾഡ് പദ്ധതിയിൽ മഹാരാഷ്ട്രയിൽ മാത്രം പ്രതിദിനം 6,800 ഭക്ഷണപ്പൊതികൾ നൽകുന്നുണ്ട്.

നഗരത്തിൽ കവർച്ച

കണ്ണൂർ: നഗരത്തിൽ ഹാജി റോഡിലെയും കാംബസാർ റോഡിലെയും വ്യാപാര സ്ഥാപനങ്ങ ളിൽ കവർച്ച. ചൊവ്വാഴ്ച രാത്രി കടകളടച്ച് പോയ വ്യാപാരികൾ രാവിലെ എത്തിയപ്പോഴാണ് മോഷണ വിവരമറിയുന്നത്. ഹാജി റോഡിലെ സ്റ്റാ ട്രേഡേർസ്, റാബിയ ട്രേഡേർസ്, കാംബസാറിലെ രാംദേവ് ടെക്സ്റ്റൈൽസ് തുടങ്ങിയ സ്ഥാപനങ്ങളിലായിരുന്നു മോഷണം. കടകളുടെ ഷട്ടറുകൾ ആയുധം ഉപയോഗിച്ച് തിക്കി ഉയർത്തിയാണ് മോഷ്ടാക്കൾ അകത്ത് കയറിയതെന്ന് സംശയിക്കുന്നു. എന്നാൽ കടകളിൽ കൂടുതൽ പണം സൂക്ഷിക്കാത്തതിനാൽ ഓരോ സ്ഥാപനങ്ങളിൽ നിന്നും ആയിരത്തിനടുത്ത സംഖ്യകൾ മാത്രമേ നഷ്ടപ്പെട്ടിട്ടുള്ളൂ.

ICICI Home Finance

കോർപ്പറേറ്റ് ഓഫീസ്: ഐസിഐസിഐ എച്ച് എഫ് സി ടവർ, അന്ധേരി - കുർള റോഡ്, അന്ധേരി (ഈസ്റ്റ്), മുംബൈ - 40059, ഇന്ത്യ
ബ്രാഞ്ച് ഓഫീസ്: ഒന്നാംനില, 3/128, സിമാക്സ് ടവർ, വണ്ടിപ്പേട്ട ജംഗ്ഷൻ, വെസ്റ്റ് നടക്കാവ്, കാലിക്കറ്റ് - 673011 (കേരള)

പ്രൊവിസോ റൂൾ 8(6) കാണുക. സ്ഥാപന വസ്തുവിന്റെ വിൽപനയ്ക്കുള്ള വിൽപന നോട്ടീസ്

2002ലെ സെക്യൂരിറ്റൈസേഷൻ ആന്റ് റീ കൺസ്ട്രക്ഷൻ ഓഫ് ഫിനാൻഷ്യൽ അസറ്റ്സ് ആന്റ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്ററസ്റ്റ് ആക്ട്, 2002ലെ സെക്യൂരിറ്റി ഇന്ററസ്റ്റ് (എൻഫോഴ്സ്മെന്റ്) റൂൾ, പ്രൊവിസോ റൂൾ 8(6) ചേർത്ത് വായിക്കുക. പ്രകാരം സ്ഥാവര വസ്തുക്കളുടെ വിൽപനക്കുള്ള ഇ - ലേല വിൽപന നോട്ടീസ്. വായ്പ കരാർ പ്രകാരം ഐസിഐസിഐ ഹോം ഫിനാൻസ് ലിമിറ്റഡിന്റെ അംഗീകൃത ഓഫീസർ വായ്പക്കാർ/ജാമ്യക്കാർ ജാമ്യമായി നൽകിയ താഴെ പറയുന്ന വസ്തുക്കൾ ജപ്തി ചെയ്തതായും വസ്തുക്കൾ ഇപ്പോഴുള്ള അവസ്ഥയിൽ "എവിടെയാണോ ഉള്ളത്" "എന്താണോ ഉള്ളത്" "എങ്ങനെയാണോ ഉള്ളത്" അതു പോലെ തന്നെ ലേലം ചെയ്യാൻ തീരുമാനിച്ചതായും വായ്പക്കാർ/ജാമ്യക്കാർ എന്നിവരെയും പൊതുജനങ്ങളെയും ഇതിനാൽ അറിയിക്കുന്നു.

Sr. No.	വായ്പക്കാരന്റെ/സഹവായ്പക്കാരന്റെ/ജാമ്യക്കാരന്റെ പേര്, നിയമപരമായ അവകാശികൾ ലോൺ അക്കൗണ്ട് നമ്പർ	ജാമ്യവസ്തുവിന്റെ വിശദാംശങ്ങൾ എന്തെങ്കിലും വിധത്തിലുള്ള ബാധ്യതയുണ്ടെങ്കിൽ അവ ഉൾപ്പെടെ	തിരിച്ചടയ്ക്കാനുള്ള തുക	റിസർവ് പ്രൈസ് / ഇഎംഡി	വസ്തു പരിശോധന തീയതിയും സമയവും	ലേല തീയതി, സമയം	ലേല തീയതിക്ക് ഒരു ദിവസം മുമ്പ്	സർഫേസി സ്റ്റേജ്
(A)	(B)	(C)	(D)	(E)	(F)	(H)	(I)	(J)
1	ഇർഷാദ് കസ്തൂരി കുനിയിൽ (വായ്പക്കാരൻ), ഷനീന എം. കെ. (സഹ വായ്പക്കാരൻ 1) NHCLT00001374122	ചോറോട് ഗ്രാമപഞ്ചായത്ത് അസസ്മെന്റ് നമ്പർ 5/74, റീ സർവേ നമ്പർ 9/58, ചോറോട് വില്ലേജ്, വടകര താലൂക്ക്, കോഴിക്കോട് ജില്ല എന്നിവ ഉൾക്കൊള്ളുന്ന വീട്.	രൂപ 27,43,815/- (2024 സെപ്തംബർ 3 വരെ)	രൂപ 22,24,851/- രൂപ 2,61,888/-	2024 നവംബർ 6, 11 എഎം- 3 പിഎം.	2024 നവംബർ13, 2 പി. എം- 3 പിഎം.	2024 നവംബർ 12	ഭൗതികമായ ജപ്തി

മാറ്റക്സ്നെറ്റ്പ്രൈവറ്റ്ലിമിറ്റഡിന്റെ(യു.ആർ.എൽലിങ്ക് - https://assets.matexauctions.com) വെബ്സൈറ്റിലായിരിക്കും ഓൺലൈൻലേലം നടക്കുക. സ്ഥലം ജാമ്യമായി നൽകിയവർക്ക് നവംബർ 12 2024 വൈകിട്ട് 5 മണിവരെ മുഴുവൻ തുകയും തിരിച്ചടക്കാനുള്ള അവസരം നൽകും. പണം തിരിച്ചടച്ചില്ലെങ്കിൽ മുൻകൂട്ടി നിശ്ചയിച്ചപ്രകാരം ജാമ്യവസ്തു വിൽപന ചെയ്യുന്നതാണ്.
ലേലത്തിൽ പങ്കെടുക്കാൻ താൽപര്യമുള്ളവർക്ക് അവർ നൽകാൻ ഉദ്ദേശിക്കുന്ന വിലയ നിരതദ്രവ്യം (ഇ.എം.ഡി) ആർ.ടി.ജി.എസ്/ ഡിമാന്റ് ഡ്രാഫ്റ്റ് (ഡിഡി) (കോളം ഇയിൽ പരാമർശിക്കുന്ന വിധം) എന്നിവ സഹിതം അടച്ച കവറിൽ ഐ.സി.ഐ.സി.ഐ ഹോം ഫിനാൻസ് കമ്പനി ലിമിറ്റഡ് എന്ന മുകളിൽ സൂചിപ്പിച്ചിരിക്കുന്ന വിലാസത്തിലേക്ക് നവംബർ 12 , 2024 വൈകിട്ട് 4 മണിക്ക് മുമ്പായി അയക്കേണ്ടതാണ്. താൽപര്യമുള്ള ബിഡ്ഡർമാർ രജിസ്ട്രേഷൻ ഫോമിന്റെയും ബിഡ് ടേംസ് ആൻഡ് കണ്ടീഷൻ ഫോമിന്റെയും ഒപ്പിട്ട കോപ്പി ഐ.സി.ഐ.സി.ഐ ഹോം ഫിനാൻസ് കമ്പനി ലിമിറ്റഡ് എന്ന മുകളിൽ സൂചിപ്പിച്ചിരിക്കുന്ന വിലാസത്തിലേക്ക് നവംബർ 12, 2024 വൈകിട്ട് 5 മണിക്ക് മുമ്പായി അയക്കേണ്ടതാണ്. നിരതദ്രവ്യം, തുക, ഡിമാന്റ് ഡ്രാഫ്റ്റ് (ഡിഡി) എന്നിവ നാഷണലൈസ്ഡ്/ഷെഡ്യൂൾ ബാങ്കിൽ നിന്നും ഐ.സി.ഐ.സി.ഐ ഹോം ഫിനാൻസ് കമ്പനി ലിമിറ്റഡിന് ലേലം തിരുവനന്തപുരത്ത് മാറാവുന്ന വിധത്തിലുള്ള സംശയങ്ങൾ ഉള്ളവർക്കും ഐസിഐസിഐ ഹോം ഫിനാൻസ് കമ്പനി ലിമിറ്റഡിന്റെ 9920807300 എന്ന നമ്പറിൽ ബന്ധപ്പെടാവുന്നതാണ്.
താഴെ ഒപ്പിട്ടിരിക്കുന്ന അംഗീകൃത ഓഫീസർക്ക് ഓഫറുകൾ അല്ലെങ്കിൽ ടെൻഡറുകൾ കാരണം കാണിക്കാതെ തന്നെ നിരസിക്കാനും സ്വീകരിക്കാനും നിർദ്ദേശിക്കാൻ അധികാരമുണ്ട്. വിശദമായ വ്യവസ്ഥകൾക്കും നിർദ്ദേശങ്ങൾക്കുമായി ഐസിഐസിഐ ബാങ്ക് ലിമിറ്റഡിന്റെ വെബ്സൈറ്റ് സന്ദർശിക്കുക https://www.icichfc.com/

തീയതി: 10.10.2024, സ്ഥലം: കേരള
അംഗീകൃത ഓഫീസർ, ഐസിഐസിഐ ഹോം ഫിനാൻസ് കമ്പനി ലിമിറ്റഡ്:
CIN Number U65922MH1999PLC120106

ചന്ദ്രിക ക്ലാസിഫൈഡ്സ്

WANTED TEACHERS
For an Aided Higher Secondary School in Palakkad District.
- HSST 1. GEOGRAPHY
  2. MALAYALAM
  3. POLITICAL SCIENCE
  4. HISTORY
  5. MUSIC
- HST 1. ARABIC

Apply to Email :
neweducationkerala@gmail.com
Contact: 09539768899

CHANGE OF NAME

I, NISHADA KARIMPANAKKAL, D/O. MUHAMAD KARIMPANAKKAL RESIDING AT PVM HOUSE, KOLAMULLAKANDI PARAMBA, PO NALLALAM, KOZHIKODE DISTRICT; HOLDER OF PASSPORT NO: M3210583, ON 04/11/2014 HAVE CHANGED MY NAME AS NISHA KARIMPANAKKAL KALIKAV

CHANGE OF NAME

I, ASJAN MOOSA D/o PURAYIL MOOSA HOLDER OF INDIAN PASSPORT NO: P643212 ISSUED AT KOZHIKODE ON 15/06/1993, RPRESENTLY RESIDENT AT UMMENGAL HOUSE, MUTTANCHERY PO, MADAVOOR, KOZHIKODE DT, KERALA, 673585, DO HEREBY CHANGE MY NAME AS ASHJAN MOOSA P W/o ABDUL JABBAR KANDIYIL WITH IMMEDIATE EFFECT.

നഷ്ടപ്പെട്ടു

ഞങ്ങളുടെ ഉമ്മാമയായ നാലകത്ത് മമ്മാക്ക മറിയം എന്നവരുടെ പേരിൽ പയ്യോളി റജിസ്ട്രാഫീസിലെ 308/1926 എന്ന നമ്പറിൽ രജിസ്ട്രർ ചെയ്ത ആധാരം വീണ്ടെടുക്കാൻ പറ്റാത്ത വിധത്തിൽ നഷ്ടപ്പെട്ടു പോയിരിക്കുന്നു. പ്രസ്തുത ആധാരം കണ്ടുകിട്ടുന്നവർ താഴെ കാണുന്ന വിലാസത്തിൽ എത്തിക്കുവാൻ അപേക്ഷ. അല്ലാത്തപക്ഷം ഞങ്ങൾ സർട്ടിഫൈഡ് കോപ്പി ഉപയോഗിക്കുന്നതായിരിക്കും എന്ന് ഇതിനാൽ അറിയിക്കുന്നു.

എന്ന്
അഹമദ് പി.എൻ.കെ.
പടിഞ്ഞാറെ നാഗത്താം കണ്ടി
Po കടലൂർ .673529
MoB: 8271606060.

CHANGE OF NAME

I, UMMUL FASL D/o AYAMMED KUTTY PULPARAMBIL HOLDER OF INDIAN PASSPORT NO: R1378487 ISSUED AT KOZHIKODE ON 12/10/2017, RESIDENT AT PULPARAMBIL HOUSE, THALAPPERUMANNA, KARUVANPOYIL PO, KOZHIKODE DT, KERALA, 673572, DO HEREBY CHANGE MY NAME AS UMMUL FASL PULPARAMBIL W/o ABDUL HAKEEM WITH IMMEDIATE EFFECT.

RDOKKD/211/2023-B1
സബ്കലക്ടർ&സബ്ഡിവിഷണൽ മജിസ്ട്രേറ്റ്
കോഴിക്കോട്, തിയ്യതി: 30 - 09 - 2024

നോട്ടീസ്

കോഴിക്കോട് ജില്ലയിൽ കോഴിക്കോട് താലൂക്കിൽ കോട്ടൂളി വില്ലേജിൽ അറപ്പുഴക്കി വീട്ടിൽ കുട്ടിക്കൻ മകൾ തങ്കമണി എന്നയാളെ 33 വർഷമായി കാണാതായതാണെന്നറിയുന്നു. ടിയാനെ പ്രസ്തുത തിയതി മുതൽ കാണാനില്ലെന്ന സാക്ഷ്യപത്രത്തിനായി ടിയാന്റെ സഹോദരനായ ബാബു അപേക്ഷ സമർപ്പിച്ചിട്ടുള്ളതാണ്. ആകയാൽ ടിയാനെ സംബന്ധിച്ച വിവരങ്ങൾ ലഭ്യമെങ്കിൽ പ്രസ്തുത വിവരമോ സർട്ടിഫിക്കറ്റ് അനുവദിക്കുന്നതിൽ ആക്ഷേപങ്ങൾ ഉള്ള പക്ഷം പ്രസ്തുത വിവരങ്ങളോ രേഖാമൂലം ഈ നോട്ടീസ് പ്രസിദ്ധീകരിച്ച തീയതിയിൽ നിന്നും 15 ദിവസങ്ങൾക്കകം ചുവടെ ഒപ്പു ചേർത്തിരിക്കുന്നയാൾ മുൻപാകെ ലഭ്യമാക്കണമെന്നും അല്ലാത്ത പക്ഷം ടിയാനെ കുറിച്ചു യാതൊരു വിവരങ്ങളും ലഭ്യമല്ലെന്ന നിഗമനത്തിൽ സർട്ടിഫിക്കറ്റ് അനുവദിക്കുന്നതായിരിക്കുമെന്ന വിവരവും ഇതിനാൽ സകലമാനപേരെയും അറിയിക്കുന്നു.

സബ്കലക്ടർ&സബ്ഡിവിഷണൽമജിസ്ട്രേറ്റ്
തിയ്യതി: 3009.24 കോഴിക്കോടിന് വേ

CHANGE OF NAME

I Abdul Latheef Pullat, Pullat house, Achanambalam, Kannamangalam P.o, Malappuram- 676304 here by changed my daughters name as Fathima Aiza to FATHIMA AIZAH PULLAT , holder of passport no:V9215755

CHANGE OF NAME

I, SHUAIB SEETHI HASSAN S/o SEETHI KUTTY. A'P RESIDING AT NALLALAM, KOTTAYIL HOUSE, KOZHIKODE 27 PASSPORT NO: G1283334, ADAAR NO:9903 1205 7854 HAVE CHANGE MY NAME AS SHUAIB SEETHI HASSAN.AP HEREAFTER THE NEW NAME SHOULD APPEAR IN ALL FUTURE DOCUMENTS